**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1201** **12-02-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് പുതിയങ്ങാടി തണ്ണീർപന്തൽ റോഡ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് പുതിയങ്ങാടി തണ്ണീർപന്തൽ റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ആയത് സമയബന്ധിതമായി പൂർത്തീയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി തണ്ണീർപന്തൽ റോഡിലെ പുതിയങ്ങാടി - മാവിളിക്കടവ് - കൃഷ്ണൻ നായർ റോഡ് പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതിയും, 07.12.2018 -ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 106.92 കോടി രൂപ (നൂറ്റി ആറ് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം) ഉൾപ്പടെ 155.45 (നൂറ്റി അൻപത്തി അഞ്ച് കോടി നാൽപ്പത്തി അഞ്ച് ലക്ഷം) കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. മാളിക്കടവ് മുതൽ തണ്ണീർപന്തൽ വരെയുള്ള പ്രവൃത്തിക്ക് കോഴിക്കോട്സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി രണ്ടു ഘട്ടത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ് |
| (ബി) | പദ്ധതിയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ ? | (ബി) | പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ രണ്ടുമാസത്തേക്ക് നിർത്തിവെക്കാൻ ബഹു: ഹൈക്കോടതിയുടെ stay order 20/01/2025 തീയതിയിൽ നിലവിൽ വന്നിട്ടുണ്ട്. നിലവിലെ കേസുമായി ബന്ധപ്പെട്ടിട്ടുള്ള ഹൈക്കോടതിയുടെ stay order vacate ചെയ്യുവാൻ വേണ്ടി ഗവൺമെൻറ് പ്ലീഡറുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കോഴിക്കോട് കെ.ആർ.എഫ്.ബി – പി.എം.യു എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ